നടപടികളും നടന്നുവരുകയാണ്. ഭാഗ്യക്കുറി നറുക്കെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നറുക്കെടുപ്പ് തത്സമയ സംപ്രേക്ഷണം ചെയ്യുന്ന കാര്യവും പരിശോധിക്കുന്നതാണ്. സംസ്ഥാന ഭാഗ്യക്കുറിക്ക് ജനകീയമുഖം നൽകുന്ന കാരുണ്യ പദ്ധതി പ്രകാരം കൂടുതൽ രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. കൂടാതെ ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി മുഖേന അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങളും ക്ഷേമ പെൻഷനുകളും നൽകിവരുന്നുണ്ട്.

(ബി) ഭാഗ്യക്കുറി വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 13-12-2013-ലെ സ.(സാധാ)നമ്പർ 973/13/നി.വ പ്രകാരം, റിട്ട. ജില്ല ജഡ്ജി ശ്രീ. ഡി. പ്രേമ ചന്ദ്രനെ ഏകാംഗകമ്മിഷനായി നിയമിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 1. ടിക്കറ്റ് വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.

2. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി ഏജന്റ് കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.

3. ഒരേ നമ്പരിലുള്ള 2 ടിക്കറ്റുകൾ വിതരണം ചെയ്യ സംഭവം ടിക്കറ്റ് പ്രന്റിംഗിലേയും വിതരണത്തിലെയും നിലവിലുള്ള അപാകതകൾ.

4. ടിക്കറ്റ് വിൽപ്പനമൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടക്കാതിരിക്കുന്ന വീഴ്ച.

5. അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധാന്തി ഇല്ലായ്മ.

(ഡി-ഇ) കമ്മീഷൻ ഇതിനോടകം തന്നെ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു.

കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

245 (593) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്. എഫ്. ഇ. യുടെ നിശ്ചിത പെൻഷൻ പ്രായം കഴിഞ്ഞിട്ടും സർവ്വീസിൽ തുടരുന്ന ജീവനക്കാരെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ബ്രാഞ്ച് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രായപരിധി കഴിഞ്ഞിട്ടും ജീവനക്കാരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉണ്ട്. ബ്രാഞ്ച് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

1.	ഹെഡ് ഓഫീസ് തൃശ്ശൂർ	-	3
2.	റീജിയണൽ ഓഫീസ്, തിരുവനന്തപുരം	-	2
3.	റീജിയണൽ ഓഫീസ്, കൊല്ലം	-	1
4.	റീജിയണൽ ഓഫീസ്, തൃശ്ശൂർ	-	1
5.	റീജിയണൽ ഓഫീസ്, കണ്ണൂർ	-	1
6.	റീജിയണൽ ഓഫീസ്, കോട്ടയം	-	1
7.	ആലപ്പുഴ - II	-	2
8.	ഏനാത്ത്	-	2
9.	തെക്കെക്കര	-	1
10.	വെഞ്ഞാറമൂട്	-	2
11.	താഴെചൊവ്വ	-	1
12.	തോപ്പുംപടി	-	1
13.	എറണാകുളം സൗത്ത്	-	1
14.	മുഹമ്മ	-	1
15.	ഫോർട്ട്, തിരുവനന്തപുരം	-	1
16.	താമരശ്ശേരി	-	1
17.	എറണാകുളം മെയിൻ	-	2

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

18.	പൊൻകുന്നം	-	1
19.	ഞാറക്കൽ	-	1
20.	പുന്നപ്ര	-	1
21.	മാനന്തവാടി	-	1
22.	എസ്.ടി.റ്റി. കോട്ടയം	-	1
23.	പോത്തൻകോട്	-	1
24.	ചിറ്റൂർ	-	1
25.	വെമ്പായം	-	1
26.	മൂവാറ്റുപുഴ	-	1
27.	കഴക്കൂട്ടം	-	1
28.	നരിക്കുനി	-	2
29.	ആനന്തവല്ലീശ്വരം	-	2
30.	പേങ്ങാട്	-	1
31.	നെയ്യാറ്റിൻകര - II	-	1
32.	കണ്ണൂർ ഈവനിംഗ്	-	1
33.	ഐ.എ.ഡി. കൊല്ലം - I	-	1
34.	ലോൺ യൂണിറ്റ് കോട്ടയം	-	1
35.	പാലോട്	-	1
36.	ഉദിയൻകുളങ്ങര	-	1
37.	നെടുമങ്ങാട്	-	1
	ആകെ	-	46

(സി) ബഹു. കേരള ഹൈക്കോടതിയുടെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ജീവനക്കാർ സർവ്വീസിൽ തുടരുന്നത്.